ഖുർആനും പ്രവാചകൻ മുഹമ്മദിൻെറ(സ) ജീവിതചര്യയുമാണ് ഒരു ഏകദൈവവിശ്വാസിയുടെ ജീവിത പ്രമാണം. അവ രണ്ടും അംഗീകരിക്കാതെ ഖുർആൻെറ വ്യവസ്ഥക്കനുസൃതമായി ജീവിക്കുക ഒരാൾക്ക് സാധ്യമല്ല. ഏകദൈവ വിശ്വാസിയായി ജീവിതം നയിക്കാൻ അനിവാര്യമായും പാലിക്കേണ്ട ഒരുപാട് കാര്യങ്ങൾ പ്രവാചകൻ മുഹമ്മദ്(സ) ലോകത്തിന് പഠിപ്പിച്ചുകൊടുത്തിട്ടുണ്ട്. ജീവിതത്തിൽ പാലിക്കേണ്ട വിശ്വാസ-അനുഷ്ഠാന കാര്യങ്ങളാണവയൊക്കെ. പല വിഷയങ്ങളിലുമായി ലക്ഷക്കണക്കിന് തിരുമൊഴികളുണ്ട്. അവയിൽ ചിലതിനെ പരിചയപ്പെടുത്തുകയാണ്.

---

## തിരുമൊഴികൾ

---

1- ഖുർആൻ പഠിക്കുന്നവർ

"ജ്ഞാനം തേടിക്കൊണ്ട് ഒരാൾ ഒരു മാർഗത്തിൽ പ്രവേശിച്ചാൽ അതുമുഖേന അല്ലാഹു അയാൾക്ക് സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കുന്നു. പരിശുദ്ധ ഖുർആൻ ഓതിക്കൊണ്ടും അത് പരസ്പരം ചർച്ച ചെയ്തു പഠിച്ചുകൊണ്ടും ദൈവികഭവനങ്ങളിലൊന്നിൽ ഒരു സമൂഹം സമ്മേളിക്കുന്നില്ല; അവർക്കു മീതെ ശാന്തി വർഷിക്കുകയും ദൈവകാരുണ്യം അവരെ പൊതിയുകയും മാലാഖമാർ അവരെ വലയം ചെയ്യുകയും ഏകദൈവം തൻെറ സന്നിധിയിലുള്ളവരോട് അവരെ പ്രശംസിക്കുകയും ചെയ്തിട്ടല്ലാതെ. പക്ഷേ, കർമം പിന്തിച്ചയാളെ കുലം മുൻപന്തിയിലാക്കുകയില്ല."

2- നിഷിദ്ധം കണ്ടാൽ

"നിങ്ങളിലാരെങ്കിലും വല്ല നിഷിദ്ധവും(ദുർവൃത്തി) കണ്ടാൽ കൈകൊണ്ട് അതിനെ തടയട്ടെ. സാധ്യമായില്ലെങ്കിൽ നാവുകൊണ്ട്. അതിനും കഴിഞ്ഞില്ലെങ്കിൽ തൻെറ മനസ്സുകൊണ്ടെങ്കിലും. സത്യവിശ്വാസത്തിൻെറ ഏറ്റവും ദുർബലരൂപമാണിത്."

3- പാപ്പരായവൻ

പ്രവാചകൻ(സ) ഒരിക്കൽ ശിഷ്യന്മാരോടു ചോദിച്ചു: "പാപ്പരായവൻ എന്നാൽ ആരാണെന്നു നിങ്ങൾക്കറിയാമോ? അവർ പറഞ്ഞു: പണവും വിഭവങ്ങളും ഇല്ലാത്തവനാണ് ഞങ്ങളിൽ പാപ്പരായവൻ. അപ്പോൾ തിരുമേനി(സ) പറഞ്ഞു: എൻെറ സമുദായത്തിൽ യഥാർത്ഥത്തിൽ പാപ്പരായവൻ ആരാണെന്നോ? നമസ്കാരം, നോമ്പ്, നിർബന്ധദാനം തുടങ്ങിയ മഹത്തായ പാരത്രിക മൂലധനങ്ങളുമായി അന്ത്യനാളിൽ ആഗതനാകുന്ന ഒരുവൻ. അതോടൊപ്പം അയാൾ ഇവനെ ശകാരിച്ചു, അവൻെറ പേരിൽ ദുരാരോപണങ്ങൾ പ്രചരിപ്പിച്ചു, വേറൊരുത്തൻെറ മുതൽ തിന്നു, പിന്നൊരുത്തൻെറ രക്തം ചിന്തി, ഇനിയൊരുവനെ തല്ലി തുടങ്ങിയ ബാധ്യതകളും കൊണ്ടുവരുന്നു. അതിനാൽ അവൻെറ നന്മകളിൽനിന്ന് ഇയാൾക്കും അയാൾക്കുമെല്ലാം നൽകപ്പെടുന്നു. അങ്ങനെ അവൻെറ ബാധ്യതകൾ തീരുന്നതിനുമുമ്പ് നന്മകൾ തീർന്നുപോയാൽ അവരുടെ കുറ്റങ്ങൾ ഏറ്റെടുത്ത് അവൻെറമേൽ ചുമത്തപ്പെടുന്നു. എന്നിട്ടവൻ നരകത്തിൽ എറിയപ്പെടുന്നു."

4- ദ്രോഹം

പ്രവാചകൻ(സ) പറഞ്ഞു: "ദ്രോഹം ചെയ്യാനോ പരസ്പരം ഉപദ്രവിക്കുവാനോ പാടില്ല."

5- ബുദ്ധിമാൻ

പ്രവാചകൻ(സ) പ്രസ്താവിച്ചു: "സ്വയം വിചാരണ നടത്തുകയും മരണാനന്തരവിജയത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവനത്രെ ബുദ്ധിമാൻ. ജഢികേച്ഛകളുടെ ദാസനായി (സ്വേച്ഛകളനുസരിച്ച് ചരിച്ചു) കൊണ്ട് ഏകദൈവത്തിൽ ആശയർപ്പിക്കുന്നവൻ അബലനാകുന്നു."

6- ചുഴിഞ്ഞന്വേഷിക്കൽ

പ്രവാചകൻ(സ) പറഞ്ഞു: "അല്ലാഹു ചില കാര്യങ്ങൾ നിർബന്ധമാക്കിയിരിക്കുന്നു; അത് നിങ്ങൾ ഉപേക്ഷിക്കരുത്. അവൻ ചില പരിധികൾ നിർണയിച്ചിട്ടുണ്ട്; അത് നിങ്ങൾ അതിക്രമിക്കരുത്. ചില കാര്യങ്ങൾ നിഷിദ്ധമാക്കിയിട്ടുണ്ട്; അത് നിങ്ങൾ ലംഘിക്കരുത്. നിങ്ങളോടുള്ള കാരുണ്യത്താൽ ചിലതിൽ മൗനമവലംബിച്ചിട്ടുണ്ട്; മറന്നതുകൊണ്ടല്ല. അതിനാൽ അവയെക്കുറിച്ച് നിങ്ങൾ ചുഴിഞ്ഞന്വേഷിക്കരുത്."

7- പരീക്ഷ ജയിക്കാൻ

പ്രവാചകൻ(സ) ഒരാളെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: "അഞ്ച് ഘട്ടങ്ങൾക്കു മുമ്പുള്ള അവസരങ്ങൾ പാഴാക്കാതെ ഉപയോഗപ്പെടുത്തുക; നിങ്ങൾക്ക് വാർധക്യത്തിൻെറ അവശതയെത്തും മുമ്പ് യുവത്വം, രോഗത്തിനു മുമ്പ് ആരോഗ്യം, ദാരിദ്ര്യത്തിനു മുമ്പ് സമ്പന്നത, ജോലിക്കു മുമ്പ് ഒഴിവുവേള, മരണത്തിനുമുമ്പ് ജീവിതം."

8- സത്യവിശ്വാസി

പ്രവാചകൻ(സ) അരുളി: "തനിക്കുവേണ്ടി സ്വയം ഇഷ്ടപ്പെടുന്നത് തൻെറ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുന്നതുവരെ നിങ്ങളിലാരും സത്യവിശ്വാസിയായിത്തീരുകയില്ല."

9- വഴിപോക്കൻ

പ്രവാചകൻ(സ) പറഞ്ഞു: "നീ ഇഹലോകത്ത് ഒരു പ്രവാസിയെപ്പോലെ അല്ലെങ്കിൽ വഴിപോക്കനെപ്പോലെ ആയിരിക്കണം."

10- അയൽക്കാരനെ ആദരിക്കൽ

നബി(സ) (പ്രവാചകൻ) തിരുമേനി പറഞ്ഞിരിക്കുന്നു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നല്ലതു പറയട്ടെ. അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ. ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ അയൽക്കാരനെ ആദരിക്കട്ടെ. ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ അതിഥിയെ ബഹുമാനിക്കട്ടെ."

11- കോപം

ഒരാൾ നബിതിരുമേനി(സ)യോട് ഇങ്ങനെ ആവശ്യപ്പെട്ടു.: "എന്നെ ഉപദേശിക്കുക" അവിടന്ന് പറഞ്ഞു: "നീ കോപിക്കരുത്." അപ്പോഴദ്ദേഹം അതേ ആവശ്യംതന്നെ പലതവണ ആവർത്തിച്ചു. അവിടന്ന് അതുതന്നെ ആവർത്തിച്ചു: "നീ കോപിക്കരുത്."

12- കൈക്കൂലി

പ്രവാചകൻ(സ) പ്രസ്താവിച്ചു: "വിധിത്തീർപ്പിൽ കൈക്കൂലി കൊടുക്കുന്നവനെയും വാങ്ങുന്നവനെയും അല്ലാഹു ശപിച്ചിരിക്കുന്നു."

13- വൈദഗ്ദ്ധ്യം

പ്രവാചകൻ(സ) അരുളി.: "ഏത് കാര്യത്തിലും നന്മ വേണമെന്നാണ് അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്. അതിനാൽ നിങ്ങൾ കൊല്ലുകയാണെങ്കിൽപോലും നല്ലനിലയിൽ കൊല്ലണം. നിങ്ങൾ അറുക്കുന്നുവെങ്കിൽ അറവ് നന്നാക്കണം. നിങ്ങളോരോരുത്തരും വായ്ത്തല മൂർച്ച കൂട്ടണം. ഉരുവിന് ആശ്വാസം നല്കുകയും വേണം."

14- ശ്രേഷ്ഠദാനം

പ്രവാചകൻ(സ) പ്രസ്താവിച്ചു: "ഒരാൾ തൻെറ മരണവേളയിൽ നൂറു ദിർഹം ദാനം ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠമാണ് അയാൾ തൻെറ ജീവിതകാലത്ത് ഒരു ദിർഹം ദാനം ചെയ്യുന്നത്"

15- സൽസ്വഭാവം

നബി(സ)പറഞ്ഞിരിക്കുന്നു.: "നീ എവിടെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിക്കുക. സംഭവിച്ചുപോയ തിന്മയെ തുടർന്ന് നന്മ ചെയ്യുക. അത് തിന്മയെ മായ്ച്ചുകളയും. ജനങ്ങളോട് സൽസ്വഭാവത്തോടെ പെരുമാറുകയും വേണം."

16- ഉന്നതൻ

നബിതിരുമേനി(സ) പ്രസ്താവിച്ചു: "വിട്ടുവീഴ്ച ചെയ്യുന്ന അടിമയുടെ അന്തസ്സ് അല്ലാഹു വർധിപ്പിക്കുകയേയുള്ളു. അല്ലാഹുവിനുവേണ്ടി താഴ്മ കാണിക്കുന്നവനെ അല്ലാഹു ഉന്നതനാക്കുകതന്നെ ചെയ്യും."

17- അബുൽ അബ്ബാസിൽനിന്ന് നിവേദനം.

ഒരു ദിവസം ഞാൻ നബിതിരുമേനിയുടെ പിന്നിലായിരുന്നു. അപ്പോൾ അവിടന്ന് എന്നോട് പറഞ്ഞു: "കുട്ടീ, ഞാൻ നിനക്ക് ഏതാനും വചനങ്ങൾ പഠിപ്പിച്ചുതരട്ടെ. നീ അല്ലാഹുവിനെ ഓർത്തുകൊണ്ടിരിക്കുക; എങ്കിൽ അവൻ നിന്നെ സംരക്ഷിക്കും. നീ അല്ലാഹുവെ സൂക്ഷിക്കുക; എങ്കിൽ നിനക്ക് അവനെ നിൻെറ മുന്നിൽ കാണാം. നീ വല്ലതും ചോദിക്കുന്നുവെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുന്നുവെങ്കിൽ അല്ലാഹുവിനോട് സഹായർത്ഥന നടത്തുക. അറിയുക.: നിനക്കൊരുപകാരം ചെയ്യാൻ ജനത ഒന്നടങ്കം ഒരുമിച്ചുകൂടിയാലും നിനക്കെന്തെങ്കിലും ഗുണം ചെയ്യാനവർക്ക് കഴിയില്ല. അല്ലാഹു നിനക്ക് നിശ്ചയിച്ചതല്ലാതെ. നിനക്ക് ഒരു ദ്രോഹം ചെയ്യാൻ അവർ ഒത്തുകൂടിയാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ നിനക്ക് ഒരുപദ്രവവും വരുത്താനവർക്ക് സാധ്യമല്ല. പേനകൾ ഉയർത്തപ്പെട്ടിരിക്കുന്നു. ഏടുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു."

18- തെരുവിൽ

പ്രവാചകൻ(സ) പറഞ്ഞതായി അബൂസഈദിൽനിന്ന് നിവേദനം. "നിങ്ങൾ വഴിയിൽ ഇരിക്കുന്നത് സൂക്ഷിക്കുക." അനുചരന്മാർ ചോദിച്ചു: "ഓ അല്ലാഹുവിൻെറ ദൂതരേ, ഞങ്ങൾക്ക് പരസ്പരം സംസാരിക്കാൻ സദസ്സുകളില്ലാതെ പറ്റില്ലല്ലോ." റസൂൽ (പ്രവാചകൻ) തിരുമേനി പറഞ്ഞു. "സഭ കൂടിയേ പറ്റു എന്നാണെങ്കിൽ നിങ്ങൾ വഴിക്ക് അതിൻെറ അവകാശം നൽകണം." എന്താണതിൻെറ അവകാശം? അവർ ചോദിച്ചു. അദ്ദേഹം പറഞ്ഞു: "കണ്ണുകൾ താഴ്ത്തുക, ശല്യം ഒഴിവാക്കുക. സലാം മടക്കുക, നന്മ പ്രോത്സാഹിപ്പിക്കുക, തിന്മ തടയുക."

19- ദുഷിച്ചവൻ

നബിതിരുമേനി(സ) പ്രസ്ഥാവിച്ചതായി ഇബ്നുമസ്ഊദിൽനിന്ന് നിവേദനം. "അന്ത്യനാളിൽ അല്ലാഹുവിങ്കൽ സ്ഥാനംകൊണ്ട് ഏറ്റവും ദുഷിച്ചവൻ ഈ മനുഷ്യനാകുന്നു: അവൻ ഒരു

സ്ത്രീയിലേക്കണയുന്നു. അവൾ അവനിലേക്കും അണയുന്നു. എന്നിട്ട് അവരിലൊരാൾ തൻെറ സഹകാരിയുടെ രഹസ്യം പറഞ്ഞുപരത്തുന്നു."

20- ലജ്ജ

നബിതിരുമേനി(സ) പറഞ്ഞു: "ആദ്യകാല പ്രവാചക വചനങ്ങളിൽനിന്നു തന്നെ ജനങ്ങൾ മനസ്സിലാക്കിയതാണിത്: നിനക്ക് ലജ്ജയില്ലെങ്കിൽ തോന്നിയതെല്ലാം ചെയ്തുകൊള്ളുകയെന്നത്."

21- സാഹോദര്യം

"നിങ്ങൾ പരസ്പരം അസൂയ പുലർത്തരുത്, പ്രകോപിപ്പിക്കരുത്, വിദ്വേഷം പുലർത്തരുത്, പിണങ്ങരുത്, നിങ്ങളിൽ ചിലർ കച്ചവടം ചെയ്തതിന്മേൽ മറ്റുചിലർ കച്ചവടം ചെയ്യരുത്. എല്ലാവരും സഹോദരങ്ങളായ ദൈവദാസന്മാരായിരിക്കുവിൻ."

22- സ്വർഗപ്രവേശനം

ഒരാൾ നബിതിരുമേനി(സ)യോട് ചോദിച്ചു: "ഞാൻ നിർബന്ധ നമസ്കാരങ്ങൾ നിർവഹിക്കുകയും, റമദാനിൽ നോമ്പനുഷ്ഠിക്കുകയും, അനുവദനീയമായതിനെ അനുവദനീയമായും നിഷിദ്ധമായതിനെ നിഷിദ്ധമായും സ്വീകരിക്കുകയും അതിൽ കൂടുതലായി ഒന്നും ചെയ്യാതിരിക്കുകയുമാണെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് താങ്കൾ കരുതുന്നുണ്ടോ?" അവിടന്ന് പറഞ്ഞു: "അതെ."

23- പുണ്യം

റസൂൽതിരുമേനി(സ) പ്രസ്ഥാവിച്ചതായി അബുദ്ദർദാഅ് നിവേദനം ചെയ്യുന്നു: പ്രവാചകൻ ചോദിച്ചു: "ശ്രദ്ധിക്കുവിൻ. നോമ്പിനെക്കാളും നമസ്കാരത്തെക്കാളും ദാനത്തെക്കാളും ഉന്നതമായ പദവിയുള്ള പുണ്യമെന്താണെന്ന് ഞാൻ നിങ്ങൾക്കു പറഞ്ഞുതരട്ടെയോ?" ശിഷ്യന്മാർ പറഞ്ഞു. "പറഞ്ഞുതന്നാലും." തിരുമേനി പറഞ്ഞു: "പരസ്പരബന്ധം മെച്ചപ്പെടുത്തുക. തീർച്ചയായും പരസ്പര ബന്ധങ്ങളുടെ തകർച്ച നാശനിമിത്തംതന്നെയാകുന്നു."

24- മുട്ടുവിൻ തുറക്കപ്പെടും

മഹാനും പ്രതാപശാലിയുമായ തൻെറ നാഥൻ പറഞ്ഞതായി നബിതിരുമേനി(സ) ഇപ്രകാരം ഉദ്ധരിക്കുന്നു.:

"എൻെറ ദാസന്മാരേ, അക്രമത്തെ ഞാൻ എനിക്കുതന്നെ നിഷിദ്ധമാക്കിയിരിക്കുന്നു. അതിനാൽ നിങ്ങൾ പരസ്പരം അക്രമം കാണിക്കരുത്."

"എൻെറ ദാസന്മാരെ, നിങ്ങളെല്ലാവരും ദുർമാർഗത്തിലാണ്, ഞാൻ സന്മാർഗത്തിലാക്കിയവരൊഴികെ. അതിനാൽ നിങ്ങളെന്നോട് മാർഗദർശത്തിന്നാവശ്യപ്പെടുക. ഞാൻ നിങ്ങളെ മാർഗദർശനം ചെയ്യാം."

"എൻേറ അടിമകളേ, നിങ്ങളെല്ലാവരും വിശക്കുന്നവരാണ്. ഞാൻ ആഹാരം നൽകിയ വരൊഴികെ. അതിനാൽ നിങ്ങളെന്നോട് ആഹാരം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്ക് ഭക്ഷണം നൽകാം."

"എൻെറ ദാസരേ, നിങ്ങളെല്ലാവരും ഉടുക്കുവാനില്ലാത്തവരാണ്. ഞാൻ വസ്ത്രം നല്കിയ വരൊഴികെ. അതിനാൽ നിങ്ങളെന്നോട് ഉടുക്കാനുള്ളത് തേടിക്കൊൾക. ഞാൻ നിങ്ങളെ ഉടുപ്പിക്കാം."

"എൻെറ അടിമകളേ, നിങ്ങൾ രാപകലന്യെ തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുന്നു. ഞാനാണ് ആ പാപങ്ങൾ പൊറുക്കുന്നത്. അതിനാൽ നിങ്ങളെന്നോട് പാപമോചനമാവശ്യപ്പെടുക. ഞാൻ നിങ്ങൾക്ക് മാപ്പ്തരാം."

"എൻെറ ദാസരേ, എന്നെ ദ്രോഹിക്കാൻ നിങ്ങൾക്കൊരിക്കലും സാധ്യമല്ല. എങ്കിലല്ലേ നിങ്ങളെന്നെ ദ്രോഹിക്കുകയുള്ളൂ. എനിക്ക് ഉപകാരം ചെയ്യാനും നിങ്ങൾക്കാവില്ല. എങ്കിലല്ലേ നിങ്ങളെനിക്കുപകാരം ചെയ്യുകയുള്ളു."

"എൻെറ ദാസരേ, നിങ്ങളുടെ മുൻഗാമികളും പിൻഗാമികളും മനുഷ്യരും ജിന്നുകളുമെല്ലാം, നിങ്ങളിലെ ഏറ്റവും സൂക്ഷ്മശാലിയുടെ മനസ്സിലുള്ളത്ര ഭയഭക്തി കാണിച്ചാലും അതെൻെറ അധികാരത്തിലൊട്ടും വർദ്ധനവുണ്ടാക്കില്ല.

"എൻെറ ദാസരേ, നിങ്ങളുടെ പൂർവികരും പിൻഗാമികളും മനുഷ്യരും ജിന്നുകളുമെല്ലാം, നിങ്ങളിലേറ്റം കൊള്ളരുതാത്ത മനുഷ്യൻെറ മനസ്സിലെ അധർമം കാണിച്ചാലും അത് എൻെറ അധികരത്തിലൊരു കുറവും വരുത്തില്ല."

"എൻെറ അടിമകളെ, നിങ്ങളുടെ മുൻഗാമികളും പിൻഗാമികളും മനുഷ്യരും ജിന്നുകളുമെല്ലാം ഒരേ സ്ഥലത്തുനിന്ന് എന്നോടാവശ്യപ്പെടുകയും ഓരോരുത്തർക്കും അവരാവശ്യപ്പെട്ടത് ഞാൻ നല്കുകയും ചെയ്താലും അതുവഴി എന്നിലുള്ളവയിൽ ഉണ്ടാക്കുന്ന കുറവ് സൂചി കടൽവെള്ളത്തിൽ മുക്കിയെടുത്താൽ കടൽവെള്ളത്തിൽ വരുത്തുന്ന കുറവ് മാത്രമായിരിക്കും."

"എൻെറ ദാസരേ, നിങ്ങളുടെതന്നെ കർമങ്ങൾ നിങ്ങൾക്കായി രേഖപ്പെടുത്തിവെക്കുകയും, പിന്നീട് നിങ്ങൾക്ക് കർമ്മഫലങ്ങൾ പൂർത്തീകരിച്ചു തരികയും മാത്രമാണ് ഞാൻ ചെയ്യുന്നത്. അതിനാൽ നന്മ ആർക്കെങ്കിലും ലഭിച്ചാൽ അവൻ അല്ലാഹുവിനെ സ്തുതിക്കട്ടെ. ആർക്കെങ്കിലും മറിച്ചാണ് കിട്ടുന്നതെങ്കിൽ അവൻ സ്വന്തത്തെയല്ലാതെ മറ്റാരേയും കുറ്റപ്പെടുത്താതിരിക്കട്ടെ."

25- പ്രതിദ്രോഹം

പ്രവാചകൻ(സ) പ്രസ്താവിച്ചു.:"ദ്രോഹം പാടില്ല. പ്രതിദ്രോഹവും പാടില്ല."

26- ധർമ്മം

നബിതിരുമേനി(സ) പറഞ്ഞു. "സൂര്യനുദിക്കുന്ന എല്ലാ ഓരോ ദിവസവും മനുഷ്യരുടെ എല്ലാ ഓരോ സന്ധികൾക്കും ഓരോ പുണ്യം ചെയ്യാനുണ്ട്. നീ രണ്ടാളുകൾക്കിടയിൽ നീതി പുലർത്തുന്നത് ധർമ്മമാകുന്നു. ഒരാളെ അദ്ദേഹത്തിൻെറ യാത്രാമൃഗത്തിൻെറ കാര്യത്തിൽ സഹായിക്കുന്നത് -അയാളെ നീ അതിന്മേൽ കയറ്റുക, അല്ലെങ്കിൽ അയാളുടെ ചരക്ക് അതിന്മേൽ കയറ്റിക്കൊടുക്കുക-ധർമ്മമാണ്. നല്ല വാക്കു പറയൽ ധർമമാണ്. നമസ്കാരത്തിലേക്ക് നീ നടക്കുന്ന ഓരോ കാല്പാടുകളിലും ധർമ്മമുണ്ട്. വഴിയിൽനിന്ന് ദ്രോഹകരമായവ നീക്കം ചെയ്യലും ധർമ്മമാണ്."

27- ഇരട്ടമുഖം

നബിതിരുമേനി(സ) പ്രസ്താവിച്ചു: "ഒരു മുഖവുമായി ഒരു കൂട്ടരെയും മറ്റൊരു മുഖവുമായി മറ്റൊരു കൂട്ടരെയും സമീപിക്കുന്ന, രണ്ടു മുഖങ്ങളുള്ളവരെ അന്ത്യദിനത്തിൽ അല്ലാഹുവിങ്കൽ ഏറ്റവും ദുഷിച്ച മനുഷ്യരായി നീ കാണുന്നതാകുന്നു."

28- വാക്കും പ്രവൃത്തിയും

അല്ലാഹുവിൻെറ ദൂതൻ പറഞ്ഞു: "അന്ത്യദിനത്തിൽ ഒരാളെ കൊണ്ടുവന്നു നരകത്തിലെറിയും. അപ്പോൾ അയാളുടെ കുടൽമാലകൾ പുറത്തുവരും. അങ്ങനെ അയാൾ അതുമായി ആട്ടുകല്ലിൽ വട്ടം ചുറ്റുന്ന കഴുതയെപ്പോലെ വട്ടംചുറ്റിക്കൊണ്ടിരിക്കും. അതുകണ്ട് നരകവാസികൾ അയാളുടെ ചുറ്റും കൂടും. അവർ ചോദിക്കും: "നിങ്ങൾക്കെന്തുപറ്റി. നിങ്ങളല്ലേ (ഇഹലോകത്ത്) തിന്മ വിരോധിക്കുകയും നന്മ കൽപിക്കുകയും ചെയ്തിരുന്നത്? അയാൾ പറയും: "അതെ, ഞാൻ നന്മ കൽപിച്ചിരുന്നു.; അങ്ങനെ പ്രവർത്തിച്ചിരുന്നില്ല. തിന്മ നിരോധിച്ചിരുന്നു; അത് പ്രവർത്തിക്കുകയും ചെയ്തിരുന്നു."

29- നാവുകൾ

പ്രവാചകൻ(സ) പറഞ്ഞു: "ജനങ്ങൾ നരകത്തിൽ മുഖംകുത്തി വീഴുന്നത് അവരുടെ നാവുകൾ കൊയ്തെടുത്തവയാലല്ലാതെ മറ്റെന്തുകൊണ്ടാണ്?"

30- മരണചിന്ത

അല്ലാഹുവിൻെറ റസൂൽ(സ) പറഞ്ഞതായി നിവേദനം: "നിങ്ങളിലാരും മരണം കൊതിക്കരുത്. നല്ലവന് ദീർഘായുസ്സിലൂടെ നന്മ വർധിപ്പിക്കാൻ കഴിഞ്ഞേക്കും. ദുഷ്ടനാണെങ്കിൽ സ്വയം ബോധവാനായി നേർവഴിയിലേക്ക് മടങ്ങാനിടയായേക്കും."

"ദുരിതം ബാധിച്ചതിൻെറ പേരിൽ നിങ്ങളിലാരും മരണം കൊതിക്കരുത്. മരണം കൊതിക്കാതെ കഴിയുന്നില്ലെങ്കിൽ അവൻ ഇപ്രകാരം പ്രാർത്ഥിച്ചുകൊള്ളട്ടെ: 'അല്ലാഹുവേ, ജീവിതം എനിക്ക് ഗുണകരമെങ്കിൽ എന്നെ ജീവിപ്പിക്കേണമേ. മരണമാണ് ഗുണകരമെങ്കിൽ മരിപ്പിക്കേണമേ."

31- മനസ്സ്

അല്ലാഹുവിൻെറ റസൂൽ(സ) പറഞ്ഞിരിക്കുന്നു: "സത്യവിശ്വാസി ഒരു പാപം ചെയ്താൽ അവൻെറ മനസ്സിൽ ഒരു കറുത്ത പുള്ളി വീഴുന്നു. അവൻ പശ്ചാത്തപിച്ചുമടങ്ങുകയും പാപമോചനം തേടുകയും ചെയ്താൽ അവൻെറ മനസ്സ് തിളങ്ങും. പാപം വർധിപ്പിക്കുകയാണെങ്കിൽ പുള്ളികളും വർധിക്കും. അങ്ങനെ മനസ്സിനെ അത് കീഴടക്കുകയും ചെയ്യും."

33- ചെറിയ പാപങ്ങൾ

പ്രവാചകപത്നി ആഇശയിൽനിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. "ഓ ആഇശാ, നിസ്സാരവും സാധാരണവുമായി കരുതപ്പെടുന്ന പാപങ്ങളെ നീ പ്രത്യേകം സൂക്ഷിച്ചുകൊള്ളണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിങ്കൽ അവയും വിചാരണ ചെയ്യപ്പെടുന്നതാകുന്നു."

34- ദൈവത്തെ വിസ്മരിക്കുന്നവർ

അല്ലാഹുവിൻെറ ദൂതൻ പറഞ്ഞു: അന്ത്യനാളിൽ അടിമ ഹാജരാക്കപ്പെടുമ്പോൾ അല്ലാഹു ചോദിക്കുന്നു: "നിനക്ക് ഞാൻ കേൾവിയും കാഴ്ചയും സന്തതികളും നൽകിയിരുന്നില്ലേ? കാലികളും കൃഷിയും അധീനപ്പെടുത്തിത്തന്നില്ലേ? നിന്നെ ജനനേതാവാക്കിവിടുകയും നീ നികുതിപിരിക്കുകയും ചെയ്തിരുന്നില്ലേ? അപ്പോൾ ഒരിക്കൽ ഈ ദിനത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്ന് നിനക്ക് തോന്നിയിരുന്നുവോ? അവൻ പറയും: "ഇല്ല." അല്ലാഹു പറയും: "അന്ന് നീ എന്നെ വിസ്മരിച്ചതുപോലെ ഇന്ന് ഞാൻ നിന്നെയും വിസ്മരിക്കുന്നു."

35- ഇങ്ങോട്ടും അങ്ങോട്ടും

അല്ലാഹുവിൻെറ ദൂതൻ പറഞ്ഞു: "ഒരുവൻ നരകമുക്തിയും സ്വർഗലബ്ധിയും കാംക്ഷിക്കു ന്നുവെങ്കിൽ അവൻ മരിക്കുന്നത് അല്ലാഹുവിലും അന്ത്യനാളിലും വിശ്വാസിയായിക്കൊണ്ടായിരിക്കണം. ആളുകൾ തന്നോട് പെരുമാറണമെന്നാഗ്രഹിക്കുന്ന വിധത്തിൽ അവരോട് പെരുമാറുകയും വേണം."

36- ആത്മസംതൃപ്തി

റസൂൽ(സ)പറഞ്ഞു: ഐശ്വര്യമെന്നത് ജീവിതവിഭവങ്ങളുടെ സമൃദ്ധിയല്ല. യഥാർത്ഥ ഐശ്വര്യം ആത്മസംതൃപ്തിയാണ്."

37- വിശിഷ്ടമായ അനുഗ്രഹം.

പ്രവാചകൻ(സ) പ്രസ്താവിച്ചതായി മാലികുബ്നു സിനാൻ ഉദ്ദരിക്കുന്നു: "ക്ഷമയേക്കാൾ വിപുലവും വിശിഷ്ടവുമായ ഒരനുഗ്രഹവും ഒരു മനുഷ്യനും ലഭിച്ചിട്ടില്ല."

38- വിനയം

പ്രവാചകൻ പ്രസ്താവിച്ചു: "അല്ലാഹു ദിവ്യബോധനത്തിലൂടെ എന്നോടു കല്പിച്ചിരിക്കുന്നു. എന്തെന്നാൽ നിങ്ങൾ പരസ്പരം വിനീതരായി വർത്തിക്കുവിൻ, ആരും ആരോടും വമ്പുകാണിക്കരുത്. ആരും ആരെയും അതിക്രമിക്കുകയും അരുത്."

39- സ്വർഗത്തിൻെറ താക്കോൽ

നബിതിരുമേനി(സ) ഒരിക്കൽ ശിഷ്യന്മാരോട് പറഞ്ഞു: "ആരെങ്കിലും എനിക്ക് ആറു കാര്യങ്ങൾ ഉറപ്പു തന്നാൽ ഞാൻ അയാൾക്ക് സ്വർഗം ഉറപ്പുകൊടുക്കാം." ശിഷ്യന്മാർ ചോദിച്ചു: "തിരുദൂതരേ, എന്താണാ കാര്യങ്ങൾ?" തിരുമേനി പറഞ്ഞു: "സംസാരിച്ചാൽ സത്യം പറയുക, വാഗ്ദാനം ചെയ്താൽ പൂർത്തീകരിക്കുക, വിശ്വാസമർപ്പിക്കപ്പെട്ടാൽ നിറവേറ്റുക, കണ്ണുകൾ താഴ്ത്തുക, ഗുഹ്യഭാഗങ്ങൾ സൂക്ഷിക്കുക, കൈ അടക്കിവെക്കുക."

40- അടിസ്ഥാന പ്രമാണങ്ങൾ

അബൂഹുറയ്റ നിവേദനം ചെയ്യുന്നു- ഒരിക്കൽ നബിതിരുമേനി(സ) ചോദിച്ചു: "ഇതാ ചില വചനങ്ങൾ. എന്നിൽനിന്ന് അത് കൈക്കൊള്ളാനും എന്നിട്ട് തദനുസാരം പ്രവർത്തിക്കുകയോ പ്രവർത്തിക്കുന്നവരെ പഠിപ്പിക്കുകയോ ചെയ്യാനും തയ്യാറുള്ളവരുണ്ടോ? 'ഞാൻ പറഞ്ഞു: ഞാനുണ്ട് തിരുദൂതരേ. 'തിരുമേനി എൻെറ കരം ഗ്രഹിച്ചുകൊണ്ട് അഞ്ചുകാര്യങ്ങൾ ഇപ്രകാരം എണ്ണിപ്പറഞ്ഞു: നിഷിദ്ധങ്ങളെ സൂക്ഷിക്കുക, നീ ജനങ്ങളിലേറ്റം നല്ല ദൈവാരാധകൻ ആകും. അല്ലാഹു വിധിച്ച വിഹിതംകൊണ്ട് സംതൃപ്തനാവുക; നീ ജനങ്ങളിലേറ്റം ഐശ്വര്യമുള്ളവനാകും, അയൽക്കാർക്ക് നന്മചെയ്യുക; നീ സത്യവിശ്വാസിയാകും. നിനക്കുവേണ്ടി ആഗ്രഹിക്കുന്നത് ജനങ്ങൾക്കുവേണ്ടിയും ആഗ്രഹിക്കുക; നീ ദൈവത്തിന് അനുസരണമുള്ളവനാകും. അധികം ചിരിക്കാതിരിക്കുക; അമിതമായ ചിരി മനസ്സിനെ മരിപ്പിക്കും."

41- അവനോടൊപ്പം

നബിതിരുമേനി(സ) പറഞ്ഞതായി നിവേദനം: അജയ്യനും പ്രതാപവാനുമായ അല്ലാഹു പറയുന്നു: "എൻെറ ദാസന് എന്നെക്കുറിച്ചുള്ള വിചാരമനുസരിച്ചാകുന്നു ഞാൻ. അവൻ എന്നെ സ്മരിക്കുമ്പോൾ അവനോടൊപ്പം ഞാനുണ്ട്. അവൻ സ്വന്തം മനസ്സിൽ എന്നെ സ്മരിച്ചാൽ ഞാൻ എൻെറ മനസ്സിൽ അവനെയും സ്മരിക്കുന്നു. അവൻ പ്രഗത്ഭരായ ആളുകളുടെ ഒരു സഭയിൽ എന്നെ അനുസ്മരിച്ചാൽ അവരേക്കാൾ പ്രഗത്ഭരായവരുടെ സഭയിൽ ഞാൻ അവനെയും അനുസ്മരിക്കുന്നു. അവൻ എന്നിലേക്ക് ഒരു ചാൺ അടുത്തുവെങ്കിൽ ഞാൻ അവനിലേക്ക് ഒരു മുഴം അടുക്കുന്നു. അവൻ എന്നിലേക്ക് ഒരു മുഴം അടുത്തുവെങ്കിൽ ഞാനവനിലേക്ക് ഒരു മാറ് അടുക്കുന്നു. അവൻ എന്നിലേക്ക് നടന്നുവരുന്നുവെങ്കിൽ ഞാൻ അവനിലേക്ക് ഓടിച്ചെല്ലുന്നു."

42- മനുഷ്യപ്രകൃതി

നബിതിരുമേനി(സ) പറഞ്ഞു: "സംശുദ്ധമായ പ്രകൃതിയോടു കൂടിയാണ് എല്ലാ ശിശുക്കളും ജനിക്കുന്നത്. പിന്നീട് മാതാപിതാക്കൾ അവനെ ജൂതനോ ക്രിസ്ത്യാനിയോ അഗ്നിയാരാധകനോ ആക്കുന്നു."

43- വിജയത്തിൻെറ അടിസ്ഥാനം

ഒരാൾ നബിതിരുമേനിയെ സന്ദർശിച്ചു പറഞ്ഞു: "അങ്ങ് എനിക്കൊരു ഉപദേശ സംഗ്രഹം നൽകണം. പ്രവാചകൻ അയാളെ ഉപദേശിച്ചു: "നിങ്ങൾ നമസ്കരിക്കാനൊരുങ്ങിയാൽ വിടവാങ്ങു ന്നവൻെറ നമസ്കാരം നമസ്ക്കരിക്കുക. നാളെ ക്ഷമാപണം ചെയ്യേണ്ടിവരുന്ന യാതൊന്നും സംസാരിക്കാതിരിക്കുക. ജനങ്ങളുടെ കരങ്ങളിലുള്ളതൊന്നും ആശിക്കാതിരിക്കുക."

44- സിംഹാസനത്തിൻെറ തണൽ

നബിതിരുമേനി(സ) പറഞ്ഞു: "ഏഴ് ആളുകൾ, അല്ലാഹുവിൻെറ തണലല്ലാതെ മറ്റു യാതോരു തണലുമില്ലാത്ത ഒരു നാളിൽ(പരലോകത്തെ പുനരുത്ഥാന നാൾ) തൻെറ തണലിൽ അല്ലാഹു അവർക്ക് അഭയം നൽകും. നീതിമാനായ നേതാവ്, ദൈവാരാധനയിൽ വളർന്ന യുവാവ്, മനസ്സ് പള്ളിയോട് ബന്ധിപ്പിക്കപ്പെട്ട മനുഷ്യൻ, അല്ലാഹുവിൻെറ പേരിൽ പരസ്പരം സ്നേഹിക്കുകയും ആ സ്നേഹത്തിൽ ഒരുമിക്കുകയും അതിൽതന്നെ വേർപിരിയുകയും ചെയ്ത രണ്ട് വ്യക്തികൾ, ഒഴിഞ്ഞിരുന്ന് അല്ലാഹുവിനെ സ്മരിക്കുകയും അപ്പോൾ ഇരുകണ്ണുകളും നിറഞ്ഞൊഴുകയും ചെയ്ത മനുഷ്യൻ, പദവിയും സൗന്ദര്യവുമുള്ള ഒരു സ്ത്രീ വിളിച്ചപ്പോൾ, "ഞാൻ സർവലോക നാഥനായ അല്ലാഹുവിനെ

ഭയപ്പെടുന്നു"വെന്നു മറുപടി പറഞ്ഞ മനുഷ്യൻ, ദാനം ചെയ്യുകയും തൻെറ വലതുകൈ ചെലവഴിച്ചത് ഇടതുകൈ അറിയാത്തവണ്ണം മറച്ചുവെക്കുകയും ചെയ്ത മനുഷ്യൻ."

45- സൽസ്വഭാവം

ഒരിക്കൽ ഒരാൾ നബിതിരുമേനിയോട് പുണ്യത്തെയും പാപത്തെയും കുറിച്ച് ചോദിച്ചപ്പോൾ അവിടന്ന് അരുൾചെയ്തു: "സൽസ്വഭാവമാകുന്നു പുണ്യം. നിൻെറ മനസ്സിന് പ്രയാസമുണ്ടാക്കുകയും ആളുകൾ അറിയുന്നത് നീ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നതെന്തോ അതാണ് പാപം."

46- ഉദ്ദേശിച്ചത് ലഭിക്കുന്നു

അല്ലാഹുവിൻെറ ദൂതൻ പറഞ്ഞു: ഉദ്ദേശ്യങ്ങളനുസരിച്ച് മാത്രമാകുന്നു കർമങ്ങളുടെ മൂല്യം. ഓരോ മനുഷ്യനും അയാൾ ഉദ്ദേശിച്ചത് ലഭിക്കുന്നു. ഒരുവൻ ദേശത്യാഗം ചെയ്തത് അല്ലാഹുവിങ്കലേക്കും അവൻെറ ദൂതനിലേക്കും എത്തുന്നതിനാണെങ്കിൽ അയാളുടെ ദേശത്യാഗം അല്ലാഹുവിങ്കലേക്കും അവൻെറ ദൂതനിലേക്കും തന്നെ. ഒരാൾ ദേശത്യാഗം ചെയ്യുന്നത് എന്തെങ്കിലും ഭൗതികലാഭം കിട്ടുന്നതിനുവേണ്ടിയാണെങ്കിൽ, അല്ലെങ്കിൽ ഒരു സ്ത്രീയെ വിവാഹംചെയ്യുന്നതിനുവേണ്ടിയാണെങ്കിൽ, അയാളുടെ ദേശത്യാഗം, അയാൾ എന്തിനുവേണ്ടിയാണോ ദേശത്യാഗം ചെയ്തത് അതിനുവേണ്ടിയുള്ളതാകുന്നു."

47- ഏറ്റവും പ്രിയപ്പെട്ടവൻ

അബൂമിർദാസിൽനിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: ഒരിക്കൽ ഞങ്ങൾ പ്രവാചകൻെറ സമീപത്ത് ഉണ്ടായിരിക്കെ അദ്ദേഹം ശുദ്ധജലം വരുത്തി. എന്നിട്ട് അതിൽ കൈമുക്കി അംഗശുദ്ധിചെയ്തു. പിന്നീട് ആ വെള്ളം ഞങ്ങളെടുത്തു അൽപാൽപമായി കുടിച്ചു. ഇതുകണ്ട് നബിതിരുമേനി(സ) ചോദിച്ചു: 'നിങ്ങളെ ഇങ്ങനെ ചെയ്യാൻ പ്രേരിപ്പിച്ചതെന്താണ്?' ഞങ്ങൾ പറഞ്ഞു: 'അല്ലാഹുവിൻെറ ദൂതനോടുള്ള സ്നേഹം തന്നെ.' അപ്പോൾ അവിടന്ന് പറഞ്ഞു. "അല്ലാഹുവും അവൻെറ ദൂതനും നിങ്ങളെ സ്നേഹിക്കണമെന്നാഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളിൽ അർപ്പിതമാകുന്ന ഉത്തരവാദിത്വങ്ങൾ യഥോചിതം നിറവേറ്റുകയും സംസാരിക്കുമ്പോൾ സത്യം പറയുകയും അയൽവാസികളോട് ഭംഗിയായി പെരുമാറുകയും ചെയ്യണം."

പ്രവാചകൻ(സ) പ്രസ്താവിച്ചതായി അനസിൽനിന്ന് നിവേദനം: "നിങ്ങളിലൊരാളും തന്നെ, അവന് സ്വന്തം പിതാവിനെക്കാളും പുത്രനെക്കാളും എന്നുവേണ്ട മുഴുവൻ മനുഷ്യരെക്കാളും പ്രിയപ്പെട്ടവൻ ഞാനായിരിക്കുംവരെ സത്യവിശ്വാസിയാവുകയില്ല."

അനസിൽനിന്ന് നിവേദനം: റസൂൽതിരുമേനി(സ) എന്നോടരുളി: പ്രിയമുള്ള കുട്ടീ, ആരോടും യാതൊരു വിദ്വേഷവുമില്ലാതെ നിനക്ക് പ്രഭാതവും പ്രദോഷവും കഴിച്ചുകൂട്ടാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യണം." പിന്നീടവിടന്ന് പറഞ്ഞു: "പ്രിയമുള്ള കുട്ടീ, അതാണ് എൻെറ ചര്യ. എൻെറ ചര്യയെ ഇഷ്ടപ്പെട്ടവൻ എന്നെ ഇഷ്ടപ്പെട്ടു. എന്നെ ഇഷ്ടപ്പെട്ടവൻ എന്നോടൊപ്പം സ്വർഗസ്ഥനായി."

48- അയൽക്കാരൻ

റസൂൽതിരുമേനി(സ) അരുൾ ചെയ്തതായി നിവേദനം: "അല്ലാഹുവാണെ അയാൾ വിശ്വസിക്കുന്നില്ല, അല്ലാഹുവാണെ അയാൾ വിശ്വസിക്കുന്നില്ല, അല്ലാഹുവാണെ അയാൾ വിശ്വസിക്കുന്നില്ല." ഇതുകേട്ട് അനുയായികളിൽ ചിലർ ചോദിച്ചു: "ആരാണ് തിരുദൂതരേ?" തിരുമേനി പറഞ്ഞു: "ഏതൊരുവൻെറ അയൽക്കാരൻ അവൻെറ ദ്രോഹത്തെക്കുറിച്ച് നിർഭയനാകുന്നില്ലയോ അവൻ."

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലതു സംസാരിക്കട്ടെ; അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തൻെറ അയൽക്കാരനെ ആദരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിത്തിലും വിശ്വസിക്കുന്നവൻ അതിഥിയെ ആദരിക്കട്ടെ."

49- ശുചിത്വം

റസൂൽ(സ) തിരുമേനി പ്രസ്താവിച്ചു: "ശുചിത്വം വിശ്വാസത്തിൻെറ പകുതിയാകുന്നു. നമസ്കാരം പ്രകാശമാകുന്നു. ദാനം തെളിവാകുന്നു. സഹനം വെളിച്ചമാകുന്നു. ഖുർആൻ നിങ്ങൾക്ക് അനുകൂലമായോ പ്രതികൂലമായോ ആയ തെളിവാകുന്നു. ഓരോ മനുഷ്യനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ അവൻ സ്വയം വിൽക്കുകയാണ്. ഒന്നുകിൽ അവൻ അതിനെ വിമോചിപ്പിക്കുന്നു. അല്ലെങ്കിൽ നശിപ്പിക്കുന്നു."

50- ഉപാധി

"ഒരാൾ നബിതിരുമേനി(സ)യുടെ സന്നിധിയിൽ വന്ന് ആവശ്യപ്പെട്ടു: 'ദൈവദൂതരേ, എനിക്കൊരു കർമം ഉപദേശിച്ചാലും. അതനുഷ്ഠിച്ചാൽ എന്നെ അല്ലാഹു സ്നേഹിക്കണം. ജനങ്ങളും സ്നേഹിക്കണം.' റസൂൽതിരുമേനി(സ) അയാളെ ഉപദേശിച്ചു: 'നിങ്ങൾ ഇഹലോകത്ത് വിരക്തിയുള്ളവനാവുക; അല്ലാഹു നിങ്ങളെ സ്നേഹിച്ചുകൊള്ളും. ജനങ്ങളുടെ കൈകളിലുള്ളതിൽ വിരക്തനായിരിക്കുക; ജനങ്ങളും നിങ്ങളെ സ്നേഹിച്ചുകൊള്ളും."

51- കാരുണ്യവും ഔദാര്യവും

അല്ലാഹുവിൻെറ റസൂൽ(സ) പ്രസ്താവിച്ചു: "അല്ലാഹുവിന് നൂറ് കാരുണ്യമുണ്ട്. അതിൽപെട്ട ഒരു കാരുണ്യംകൊണ്ടാണ് സൃഷ്ടികൾ പരസ്പരം കരുണകാട്ടുന്നത്. ബാക്കി തൊണ്ണൂറ്റൊമ്പത് കാരുണ്യം പ്രകടമാവുക ഉയിർത്തെഴുന്നേൽപ്പുനാളിലാകുന്നു."

റസൂൽ(സ) തിരുമേനി പ്രസ്താവിച്ചതായി ഇബ്നുഅബ്ബാസിൽനിന്ന് നിവേദനം: "അല്ലാഹു നന്മതിന്മകൾ രേഖപ്പെടുത്തി. എന്നിട്ടതിനെ വിശദീകരിച്ചു: ഒരുവൻ ഒരു സൽക്കർമം ചെയ്യാൻ തുനിയുകയും എന്നിട്ടത് ചെയ്യാതിരിക്കുകയും ചെയ്താൽ അല്ലാഹു അവങ്കൽ അതിനെ ഒരു പൂർണ സൽക്കർമമായി എഴുതിവെക്കുന്നു. ഇനി സൽക്കർമം ചെയ്യാൻ തുനിഞ്ഞവൻ അത് ചെയ്താലോ അല്ലാഹു അവങ്കൽ അതിനെ പത്തു നന്മ മുതൽ എഴുനൂറ് ഇരട്ടിവരെ, അതിൽ കൂടുതൽ ഇരട്ടിവരെയായി എഴുതിവെക്കുന്നു. ഇനി അവൻ തിന്മ ചെയ്യാൻ തുനിയുകയും അത് ചെയ്യുകയും ചെയ്താലോ, അല്ലാഹു അവങ്കൽ അതിനെ ഒരൊറ്റ ദുഷ്കർമമായി എഴുതിവെക്കുന്നു."

---

ക്രോഡീകരണം. അബ്ദുല്ലകുട്ടി. ak@vazhi.org